മേൽ തുരുമ്പ്-ചപ്പാരപ്പടവ് റോഡിന്റെ പണി പൂർത്തീകരിക്കാൻ നടപടി

82. [1896] ശ്രീ. ഇ. പി. ജയരാജൻ :
,, പാച്ചേനി കുഞ്ഞിരാമൻ :
,, എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേൽതുരുമ്പ്-ചപ്പാരപ്പടവ് റോഡിന്റെ കാരാറുകാരന് ആർബിട്രേഷൻ നടപടി വഴി അധികത്തുക നൽകിയത് നിയമവിരുദ്ധം ആണെന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ കരാറുകാരന് എന്തു തുകയാണ് അധികമായി നൽകിയത് ;

(സി) പ്രസ്തുത റോഡിന്റെ കരാർ തുക എത്രയായിരുന്നു ; ഈ തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) കരാർ വ്യവസ്ഥ പ്രകാരം പ്രസ്തുത റോഡിന്റെ പണി എപ്പോൾ തീർക്കണമെന്നായിരുന്നു ; ഇതനുസരിച്ച് റോഡുപണി പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 28,63,256 രൂപ കരാറുകാരന് അധികം നൽകിയതായി അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത റോഡിന്റെ ഒന്നാം ഘട്ടമായ 2/700 മുതൽ 10/255 വരെയുള്ള ഭാഗത്തിന്റെ കരാർ തുക 20,90,935 രൂപയാണ്. രണ്ടാം ഘട്ടത്തിന്റെ കരാർ തുക 45,89,915 രൂപയാണ്. 1986 ഷെഡ്യൂൾ പ്രകാരം അംഗീകരിച്ച ഒന്നാംഘട്ട പ്രവർത്തിക്ക് ഏറെടുത്ത കരാറുകാരന്റെ നിവേദനത്തെതുടർന്ന് 17-2-1991-ന് ശേഷം ചെയ്ത പണികൾക്ക് 1990 ഷെഡ്യൂൾ പ്രകാരം 6½ ശതമാനം കുറവുചെയ്ത് നൽകുന്നതിന് 2-5-1994-ലെ ജി.ഒ. (ആർ.റ്റി.) 926/94/പൊമ.ഗവ. ഉത്തരവായിട്ടുണ്ട്; രണ്ടാംഘട്ട പ്രവൃത്തികൾക്ക് എസ്കലേഷൻ ഒന്നും നൽകിയിട്ടില്ല.

(ഡി) കരാർ വ്യവസ്ഥപ്രകാരം ഒന്നാംഘട്ടം 17-2-1991-ൽ തീരേണ്ടതായിരുന്നു. ഇതുപ്രകാരം പണി മുഴുവൻ കാലാവധിക്കുള്ളിൽ പൂർത്തിയാക്കിയില്ല. എല്ലാ പ്രവൃത്തികളും 29-3-1993-ൽ പൂർത്തിയാക്കി. റോഡ് കടന്നുപോകുന്ന സ്ഥലത്തിന്റെ പ്രത്യേകത കാരണം റോഡിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തേണ്ടിവന്നതിനാലും വകുപ്പിന്റെ നിയന്ത്രണത്തിൽ അല്ലാത്ത കാരണത്താലുമാണ് റോഡ് പ്രവൃത്തി പൂർത്തിയാകുന്നതിന് കാലതാമസം വന്നത്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ റോഡു പണികൾ

83. [1897] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ 15 ഇന പരിപാടിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിലെ എത്ര റോഡുപണികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട് ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly